ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ തസ്തികകൾ അനുവദിക്കുന്നതിന് നിയന്ത്രണം ഉള്ളതിനാൽ ശിപാർശ തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരെ അനുവദിക്കൽ

134 (2372) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ഉച്ചയ്ക്കുശേഷം ഡോക്ടർമാർ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ ഡോക്ടർമാരെ നിയോഗിക്കുന്നതിന് ആരോഗ്യ വകുപ്പ് സമർപ്പിച്ച ശിപാർശ പരിഗണിച്ച് അനുമതി നൽകുമോ ?

ഉത്തരം

(എ) ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

(ബി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണമുള്ളതിനാൽ ശിപാർശ തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

പങ്കാളിത്ത പെൻഷൻ പദ്ധതി

135 (2373) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2013 ഏപ്രിലിനു മുമ്പ് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തവർക്ക് സർക്കാർ വകുപ്പുകളിൽ ജോലി ലഭിച്ചാൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ ലഭിക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

2013 ഏപ്രിൽ 1-നു മുമ്പ് കെ.എസ്.ആർ. ഭാഗം III ബാധകമായിട്ടുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തവർക്ക് 2013 ഏപ്രിൽ 1 മുതൽ സർക്കാർ വകുപ്പുകളിൽ ജോലി ലഭിച്ചാൽ കെ.എസ്.ആർ. ഭാഗം III പ്രകാരമുള്ള പെൻഷനിൽ ഉടനുന്നതിന് അനുവദിച്ചുകൊണ്ട് 14-7-2014-ലെ സ.ഉ.(പി) നമ്പർ 279/2014/ധനം പ്രകാരം ഉത്തരവായിട്ടുണ്ട്. അത്തരക്കാർക്ക് പ്രസ്തുത സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കു വിധേയമായി കെ.എസ്.ആർ. ഭാഗം III പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly